# കേരള സർവകലാശാല

നം.പി.ആർ.200/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇന്റർവ്യൂ മാറ്റി

നിയമ പഠന വകുപ്പിൽ 2018-19 വർഷത്തേക്കുള്ള എം. ഫിൽ. ഹ്യൂമൻ റൈറ്റ്സ് (സി. എസ്. എസ്) അഡ്മിഷനു വേണ്ടി സെപ്തംബർ 12 ന് നടത്താനിരുന്ന ഇന്റർവ്യൂ സെപ്തംബർ 14 - ലേക്ക് മാറ്റി.

### മെഡിക്കൽ ഇൻഷുറൻസ് : കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന പദ്ധതി സർവകലാശാല നടപ്പാക്കും

കേരള സർവകലാശാലയിലെ ഇൻഷുറൻസ് സ്കീമുമായി ബന്ധപ്പെട്ട് ഒരു പത്രത്തിൽ വന്ന വാർത്തയിൽ വസ്തുതാപരമായ പിശകുണ്ട്. വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ ഇൻഷുറൻസ് ഇനത്തിൽ 89 ലക്ഷം രൂപ ഇൻഷുറൻസ് കമ്പനിക്ക് കൈമാറിയത് പുതിയ സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണെന്നാണ് വാർത്ത. എന്നാൽ 2016 ൽ സെനറ്റ് അംഗീകരിച്ച ബഡ്ജറ്റ് തീരുമാനമാണ് പ്രസ്തുത ഇൻഷുറൻസ് സ്കീം. 'ന്യൂ ഇന്ത്യ അഷുറൻസ് കമ്പനി'യുടെ മെഡിക്കൽ കം ആക്സിഡന്റ് ഇൻഷുറൻസ് ഫോർ സ്റ്റുഡന്റ്സ് ഇനത്തിലാണ് പണം കൈമാറിയത്. എന്നാൽ 2018 ജൂൺ മാസം ചുമതലയേറ്റ പുതിയ സിൻഡിക്കേറ്റിന്റെ പരിശോധനയിൽ ഈ സകീം പ്രകാരം വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന പണത്തിന് അനുസൃതമായ പ്രയോജനം അവർക്ക് ലഭിക്കുന്നില്ല എന്ന് കണ്ടെത്തുകയും, ഈ പദ്ധതി മുന്നോട്ട് കൊണ്ട് പോകേണ്ടതില്ല എന്നും, സർവകലാശാല കമ്പനിക്ക് നേരത്തെ നൽകിയ തുക തിരിച്ചു പിടിക്കുവാനും ആഗസ്ത് 31 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരിമാനിച്ചു. സർവകലാശാലയുടെ തനത് ഇൻഷുറൻസ് സ്കീം മെച്ചപ്പെടുത്തി നടപ്പാക്കണമെന്നും കൂടുതൽ കുട്ടികൾക്ക് പ്രയോജനം ചെയ്യത്തക്ക വിധം നടപടി സ്വീകരിക്കണമെന്നും സിൻഡിക്കേറ്റ് തീരിമാനിച്ചു. ഈ വർഷത്തെ വിദ്യാർത്ഥികളെ സർവകലാശാല നേരിട്ട് നടത്തുന്ന ഇൻഷുറൻസ് സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തും. 2016 ലെ ബഡ്ജറ്റ് തീരുമാനം നടപ്പിലാക്കിയപ്പോഴുള്ള അപാകത പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിച്ചത് പുതുതായി ചുമതലയേറ്റ സിൻഡിക്കേറ്റാണ്. വാസ്തവം ഇതായിരിക്കെ, പ്രസ്തുത പത്രവാർത്ത തെറ്റിദ്ധാരണാജനകമാണ്. (സെപതംബർ 9 - ലെ മലയാള മനോരമ ദിനപത്രമാണ് പ്രസ്തുത വാർത്ത പ്രസിദ്ധീകരിച്ചത്).

### പി.ജി. പ്രവേശനം, 2018- ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2018-19 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച്

ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സെപ്തംബർ 12-നകം ഓൺലൈനായോ അല്ലാത്ത പക്ഷം അഡ്മിഷൻ ഫീസ് ഒടുക്കുന്നതിനുള്ള ചെലാൻ ഡൗൺലോഡ് ചെയ്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് ഒടുക്കുകയോ ചെയ്ത ശേഷം ജേർണൽ നമ്പർ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നൽകി തങ്ങളുടെ സീറ്റ് ഉറപ്പാക്കേണ്ടതാണ്. ഫീസ് അടച്ച വിവരം (ജേർണൽ നമ്പർ, തുക, ഫീസൊടുക്കിയ തീയതി, ശാഖ മുതലായവ) വെബ്സൈറ്റിൽ രേഖപ്പെടുത്താത്ത അപേക്ഷകരുടെ അലോട്ട്മെന്റ് നഷ്ടപ്പെടുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽ യാതൊരു കാരണവശാലും പരിഗണിക്കുന്നതുമല്ല. ഹയർ ഓപ്ഷനുകൾ ആവശ്യമില്ലാത്തവർ സെപ്തംബർ 12-നകം അവ നീക്കം ചെയ്യേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും. പ്രവേശനം സംബന്ധിച്ച വിശദമായ അറിയിപ്പ് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം.
10.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**